നീര ഉല്പാദനവും വിപണനവും

5 (*275) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീരയുടെ ഉല്പാദനവും വിപണനവും ഏത് നിലയിൽ നടക്കുന്നുവെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) നീരയുടെ വിപണനം പൂർണ്ണ തോതിൽ വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) കേര കർഷകർക്ക് ഏറെ ഗുണം ചെയ്യുമെന്ന് പ്രഖ്യാപിച്ച് നടപ്പാക്കപ്പെട്ട പദ്ധതിയുടെ ലക്ഷ്യം നിറവേറ്റപ്പെടാതെ പോകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നീര ഉല്പാദന യൂണിറ്റുകൾക്ക് ബഡ്ജറ്റിൽ നീക്കിവെച്ച തുക പോലും വിതരണം ചെയ്യാത്തതിനാൽ അവ പ്രതിസന്ധിയിലായതിനെ സംബന്ധിച്ച് പരിശോധിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) കേരള കാർഷിക സർവ്വകലാശാലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്ന 'കേരാമൃതം' എന്ന നീര പടന്നക്കാട് കാർഷിക കോളേജിലെയും നീലേശ്വരം ഗവേഷണ കേന്ദ്രത്തിലെയും സെയിൽസ് കൗണ്ടർ വഴിയും നാളികേര വികസന കോർപ്പറേഷന്റെ തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിംഗ് മെഷീനിലൂടെയും ഏലത്തൂർ, ഇടപ്പള്ളി എന്നിവിടങ്ങളിലുള്ള നാളികേര വികസന കോർപ്പറേഷന്റെ വില്പന കേന്ദ്രങ്ങളിലൂടെയും നീര വിപണനം നടത്തി വരുന്നു. കേരാമൃതത്തിന്റെ ഉത്പാദനവും വിപണനവും വിപുലീകരിക്കാൻ കേരള കാർഷിക സർവ്വകലാശാലയും സംസ്ഥാന നാളികേര വികസന ബോർഡും ചേർന്നുള്ള ഒരു സംയുക്ത സംരംഭം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല. ഇതിനായാണ് 22-6-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 111/2015/കൃഷി പ്രകാരം നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇല്ല.

(ഡി) 2013-14 വർഷത്തിൽ നീര യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 15 കോടി രൂപ വകയിരുത്തുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക വകയിരുത്തുകയുണ്ടായില്ല. 5-3-2014-ലെ മന്ത്രിസഭാ യോഗത്തിൽ 15 കോടിരൂപയിൽ 1.80 കോടി രൂപ കേരള കാർഷിക സർവ്വകലാശാലയ്ക്ക് നൽകുന്നതിനും ബാക്കി തുക നാളികേര ഉത്പാദക സൊസൈറ്റികൾക്ക് നൽകണ മെന്നും തീരുമാനിക്കുകയുണ്ടായി. എന്നാൽ 2013-14-ലെ ബഡ്ജറ്റിൽ നീര ഉത്പാദനത്തിനായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ സൊസൈറ്റി കൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടില്ല.

2013-14 വർഷത്തിൽ കേരള കാർഷിക സർവ്വകലാശാലയിൽ തെങ്ങിന്റെ പൂങ്കുല നീര് സംസ്കരിച്ച് നീരയും (കേരാമൃതം) തെങ്ങിൻ പൂങ്കുലയിൽ നിന്നും കേര ചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി മൂന്ന് പൈലറ്റ് പ്രോജക്ടു് സംഘടിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും പൈലറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി ആകെ 130 ലക്ഷം രൂപ 2013-14, 2014-15 വർഷങ്ങളിലായി കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുമുണ്ട്.

2015-16 ബഡ്ജറ്റിൽ, നീര ഉൾപ്പെടെയുള്ള മൂല്യ വർദ്ധന പദ്ധതികൾക്കായി 255 ലക്ഷം രൂപയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ഗ്ലോബൽ അഗ്രോ മീറ്റ്

6 (*276) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly